പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3669** **15.05.2017- ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിൽ പരിഷ്കരിച്ച മാന്വൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ടി.വി. ഇബ്രാഹിം** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിൽ അടുത്തിടെ പരിഷ്കരിച്ച മാന്വൽ അംഗീകരിച്ച് ഉത്തരവിറക്കുകയുണ്ടായോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 01.02.2012-ലെ സ.ഉ (പി) നം.13/2012/പൊ.മ.വ പ്രകാരം മാന്വൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. മാന്വൽ വെബ്സൈറ്റിൽ ലഭ്യമാണ്. അച്ചടിച്ച കോപ്പികൾ വിതരണത്തിന് ലഭ്യമല്ല. |
| (ബി) | പരിഷ്കരിച്ച മാന്വൽ സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) | മാന്വലിൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായി കാര്യങ്ങളില്ലാത്തതിനാൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ല. |
| (സി) | മാന്വലിൽ പോരായ്മകളുണ്ടെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഉണ്ട്. ഇത് പരിഹരിക്കാനായി 20.10.2012-ലെ സ.ഉ (സാധാ) നം.1784/2012/പൊ.മ.വ പ്രകാരം ചീഫ് എഞ്ചിനീയർ കൺവീനറായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് 13.05.2013-ൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ സാമ്പത്തിക ബാധ്യതകൾ വരുന്ന Cost of Tender form, Bid Security, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായ കാര്യങ്ങൾക്ക് സർക്കാർ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. |
| (ഡി) | പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണ നിലവാരം ഉയർത്തുന്നതിനും ഗ്യാരണ്ടി ഉറപ്പാക്കുന്നതിനും പ്രത്യേക നിബന്ധനകൾ വ്യവസ്ഥ ചെയ്യുമോ; | (ഡി) | പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് മാന്വലിനോടനുബന്ധിച്ച് ഒരു ക്വാളിറ്റി കൺട്രോൾ മാന്വലും (സ.ഉ (സാധാ) നം.1839/2015/പൊ.മ.വ തീയതി 10.09.2015), ഒരു ലബോറട്ടറി |

മാന്വലും (സ.ഉ (സാധാ) നം.1346/2015/ പൊ.മ.വ തീയതി 11.09.2015) എന്നിവയും ഉത്തരവായിട്ടുണ്ട്.

പ്രസ്തുത കാര്യം നടപ്പിൽ വരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ ഡയറക്ടറുടെ നേതൃത്വത്തിൽ 14 ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലാബോറട്ടറികളും എറണാകുളം കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ലാബോറട്ടറികളും സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് കെ.എച്ച്.ആർ.ഐ-യിൽ നിന്നും ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ വേർപ്പെടുത്തി ഒരു റീജിയണൽ ലാബ് തുടങ്ങുവാൻ 10.04.2017-ലെ സ.ഉ (കൈ) നം.24/2017/ പൊ.മ.വ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റം ഉൾപ്പടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങളും മാന്വലിൽ ഉൾപ്പെടുത്തുവാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പൊതുമരാമത്ത് വകുപ്പിൽ ശക്തവും വ്യവസ്ഥാപിതവുമായ എസ്റ്റാബ്ലിഷ്മെന്റ് സംവിധാനവും കുറ്റമറ്റ സ്പെഷ്യൽ റൂൾസും നിലനിൽക്കുന്നത് കണക്കിലെടുത്ത് ഇക്കാര്യങ്ങൾ മാന്വലിൽ ഉൾപ്പെടുത്തുന്നത് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ?

(ഇ) യും (എഫ്) ഉം: ജീവനക്കാരുടെ നിയമനവും സ്ഥലംമാറ്റങ്ങളും സർവ്വീസ് റൂൾ പ്രകാരമാണ് ചെയ്യേണ്ടത്. മാന്വലിൽ ജീവനക്കാരുടെ ഡ്യൂട്ടീസ് & റെസ്പോൺസബിലിറ്റീസ് ആണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ